# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

Hazrat Khalifathullah Munir Ahmad Azim (A)

20 October 2017 (29 Muharram 1439 Hijira)

## INVOCATIONS (PART 4) :/ പ്രാർത്ഥനകൾ (ഭാഗം 4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **പ്രാർത്ഥനകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആ സംബന്ധമായ പ്രസംഗങ്ങളുടെ തുടർച്ച ഇന്നും നിർവ്വഹിക്കുവാൻ കഴിയുന്നത് അവന്റെ പ്രത്യേകമായ അനുഗ്രഹം തന്നെയാണ്. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ് ! കൂടുതൽ കൃത്യമായി പറഞ്ഞാൽ ദുആ സംബന്ധമായ നാലാമത്തെ പ്രസംഗമാണിത്. അല്ലാഹു (ത) വെളിപാടിലൂടെ നല്കിയതാണിത്. അത്ഭുതമുളവാക്കുന്ന കാര്യമെന്താന്നാൽ, ഈ ദുആകൾ പരിശുദ്ധഖുർആനിലും നിങ്ങൾക്കു കാണുവാൻ കഴിയും. ഈ ദുആകൾ കഴിഞ്ഞകാല പ്രവാചകന്മാർക്ക് അല്ലാഹു വെളിപാടിലൂടെ നല്കപ്പെട്ടതാണ്. അതിൽ ചില ദുആകൾ ഹസ്രത് മസീഹ് മൗഊദ്(അ) ന് വെളിപാടിലൂടെ നല്കിയതുമുണ്ട്. എന്നാൽ ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) ഈ ദുആകൾ വെളിപാടിലൂടെ വീണ്ടും അവന്റെ ഖലീഫത്തുല്ലാഹ്യ്ക്ക് നല്കിയിരിക്കുന്നു

അൽഹംദുലില്ലാഹ്, ഞാൻ കള്ളനോ, മോശക്കാരനോ ആയിരുന്നുവെങ്കിൽ, ഈ ദുആകൾ അല്ലാഹു (ത) എനിക്ക് വെളിപാടിലൂടെ നല്കുമായിരുന്നോ ? ഈ ദുആകൾ സംബന്ധമായി എന്റെ ശത്രുക്കൾക്ക് എന്തുപറയുവാൻ കഴിയും ? ഇതും സാത്താനിക പ്രാർത്ഥനകളാണോ ? (ദൈവം കാക്കട്ടെ) ഇനി അവർ ഇത് സാത്താനികമാണെന്ന് മുദ്രകുത്തുകയാണെങ്കിൽ, അപ്പോൾ അവരുടെ പരിശുദ്ധഖുർആനിലെ വിശ്വാസവും ചവിട്ടിമെതിക്കപ്പെടുകയായിരിക്കും ഫലം. അവർ പരിശുദ്ധ ഖുർആൻ വായിക്കുന്നതിലൂടെ ഒരു പ്രയോജനവും നേടുന്നില്ല. അവർ എന്നെ അപമാനിക്കുമ്പോൾ, അവരുടെ വിഡ്ഢിത്വത്താൽ, പരിശുദ്ധഖുർആന്റെ അധ്യാപനത്തെയാണ്, മണ്ണിലിട്ട് ചവിട്ടി തേയ്ക്കുന്നത്.

വിശുദ്ധഖുർആനിൽ ഒരു ദുആ ഉണ്ട് അതിൽ പറയുന്നു. (എന്റെ രക്ഷി

താവേ!) ഭൂമിയിൽ ഒരു അവിശ്വാസിയേയും നീ വിട്ടേക്കരുതേ !

ഈ ദുആയിലൂടെ നാം മനസ്സിലാക്കേണ്ടത് ഏതൊരു ജനതയുടെ വിധിയാണോ അവിശ്വാസത്താൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. അവർക്ക് അതിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കുകയില്ല. (അവിശ്വാസത്തിന്റെ അവസ്ഥയിൽ നിന്നും തുടർന്നുള്ള ശിക്ഷയിൽ നിന്നും) എന്നാൽ നാം ഈ ദുആയിലൂടെ മനസ്സിലാക്കേണ്ടതായിട്ടുണ്ട്, എല്ലാ അവിശ്വാസികളെയും ഭുമുഖത്തു നിന്നു നീക്കം ചെയ്യണമെന്നല്ല, അങ്ങനെ ആയിരുന്നുവെങ്കിൽ, പിന്നെങ്ങനെയാണ് ജനങ്ങളിൽ നിന്നുള്ള അവിശ്വാസികൾ ഇന്ന് മുസ്ലിംകളായി തീരുന്നത് ?

തീർച്ചയായും ഇതുകൊണ്ടർത്ഥമാക്കുന്നത് (അല്ലയോ രക്ഷിതാവേ !) അവിശ്വാസികളാണെന്ന് ആരുടെ മേലാണോ നീ വിധി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് അവരെ ഈ ലോകത്തു നിന്നും നീക്കം ചെയ്യുക, ഹസ്രത് നൂഹ് (അ) മാണ് ഈ ദുആ ചെയ്തത്. ഇപ്പോൾ ഈ അവിശ്വാസികൾക്ക്, അവരെപ്പോലെ അവിശ്വാസികളായ കുട്ടികളെ മാത്രമെ ജനിപ്പിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ അവരെ അല്ലാഹു (ത) നീക്കം ചെയ്യുന്നതാണ് ഏറ്റവും നല്ലത് ! ഈ ദു ആ ഹസ്രത് നൂഹ് (അ) ന്റെതായിരുന്നു.

എന്റെ കാര്യത്തിൽ, എന്റെ സാഹചര്യം, നിസാമെ ജമാഅത്തിന്റെ സംരക്ഷകരെന്നു പറയപ്പെടുന്നവർ എനിക്ക് അല്ലഹാഹുവിൽ നിന്നും ലഭിക്കുന്ന സന്ദേശങ്ങളോട് സത്യനിഷേധികളെപോലെയാണ് പെരുമാറിയത്. ഈ സാഹചര്യത്തിലാണ് ഈ ദുആ എനിക്കു കാണിച്ചു തന്നത്. എന്റെ രക്ഷിതാവേ ! എന്നോട് അന്യരോടെന്നപോലെ പെരുമാറുന്നവരുടെ മേൽ നീ എനിക്കു വിജയം പ്രദാനം ചെയ്യേണമെ !

അതേ തുടർന്ന് രണ്ടാമതൊരു വെളിപാട് എനിക്കു കാണിച്ചു തന്നു. എന്റെ വിജയവും എന്റെ ദുആ സ്വീകരണവും അല്ലാഹു നടപ്പിലാക്കുന്നതാണ്.

യാ അല്ലാഹ് ഭൗതിക കാര്യങ്ങളിലും ആത്മീയ കാര്യങ്ങളിലും എനിക്ക് നീ വിജയം പ്രദാനം ചെയ്താലും യാ അല്ലാഹ് ! ഈ കച്ചവടം എനിക്ക് നീ ലാഭകരമാക്കി തീർക്കേണമെ!

ഇവിടെ ഈ പ്രാർത്ഥന ഭൗതികലോകത്തിലെ കൊടുക്കൽ വാങ്ങലല്ല. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് ഒരു കൊടുക്കൽ വേദനാജനകമായ ശിക്ഷയാണ്. ഈ ദുആയിലൂടെ അത്തരം വേദനാജനകമായ ശിക്ഷയിൽ നിന്നും ഒഴിവാക്കണമെ എന്നാകുന്നു

എന്റെ നാഥാ അഗ്നി ശിക്ഷയിൽ നിന്നും എനിക്ക് നീ രക്ഷ പ്രദാനം ചെയ്യേണമെ ! അതുകൊണ്ട് അർത്ഥമാക്കുന്നത് അഗ്നിയെ എന്റെ നിയന്ത്രണത്തിന്റെ കീഴിൽ കൊണ്ടു വരേണമെ! അഥവാ എന്റെ കല്പനയ്ക്ക് വിധേയമാക്കണമെ!

ദാവൂദ് നബി (സ) ന് നല്കിയ സബൂറിൽ, ഹീബ്റു ഭാഷയിൽ ബൈബിളിലെ ഒരധ്യായത്തിൽ പരിശുദ്ധ മത്തായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതിന്റെ പരിഭാഷ ഇപ്രകാരം വായിക്കാം യാ അല്ലാഹ് പ്രയാസങ്ങളിൽ നിന്റെ രക്ഷയും മോചനവും ഉണ്ടാകേണമെ !

ഈ ദുആയിൽ ഒരു പ്രവചനം അടങ്ങികിടക്കുന്നു. ഇത്തരം അനേകം ദുആകൾ കണ്ടെത്തുവാൻ അല്ലാഹു (ത) എനിക്ക് മാർഗദർശനം നല്കിയിരിക്കുന്നു. അവന്റെ അപാരമായ ബുദ്ധി വൈഭവത്താൽ അവൻ എനിക്ക് ഈ ദുആയും നല്കിയിരിക്കുന്നു. അല്ലയോ ! എന്റെ നാഥാ ! നീ എന്നിൽ സ്വയം വെളിപ്പെടേണമെ ! നീ എന്നിൽ സ്വയം വെളിവാകേണമെ !

അതേ തുടർന്ന് അല്ലാഹു (ത) എനിക്ക് ഈ ദുആ കാണിച്ചു തന്നു. എന്റെ രക്ഷിതാവേ ! ഈ യുദ്ധത്തിൽ നിന്റെ ദാസന്മാർ മരണപ്പെടുവാൻ അനുവദിച്ചാൽ, അതേ തുടർന്ന് നിന്റെ മഹത്വം പ്രകീർത്തനം ചെയ്യുവാൻ ഭൂമിയിൽ ഒരവനുമുണ്ടാകില്ല.

ഈ പ്രാർത്ഥന മുഹമ്മദ് (സ) ബദ്ർ യുദ്ധത്തിനു മുൻപ് പ്രാർത്ഥിച്ചതാണ്. എന്റെ രക്ഷിതാവെ ! ഈ യുദ്ധത്തിൽ നിന്റെ ദാസന്മാർ മരണപ്പെട്ടാൽ, തുടർന്ന് ഒരാളും നിന്നെ (യഥാർത്ഥ നിലയിൽ) പുകഴ്ത്തുവാൻ ഇല്ലാതെ പോകും. ഞാനിതേ ! ദു ആ എന്റെ ജമാഅത്തിനെ പഠിപ്പിക്കുകയും നിങ്ങളെല്ലാവരെയും പ്രസ്തുത ദുആ ചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യുകയാണ്. അല്ലയോ ! എന്റെ രക്ഷിതാവേ ! നീ ഈ ജമാഅത്തിനെ നശിപ്പിക്കുകയാണെങ്കിൽ, (ദൈവീക ദൃഷ്ടാന്തത്തെയും ഈ നൂറ്റാണ്ടിലേക്ക് നീ നീയോഗിച്ച ഈ വിനീതനെ അംഗീകരിക്കുകയും ചെയ്തവരെ) അതേ തുടർന്ന് ഈ നൂറ്റാണ്ടിലേക്ക് നല്കിയ അനുഗ്രഹത്തിന് നിന്നെ സ്തുതിക്കുന്നതിനും നിനക്കു നന്ദി രേഖപ്പെടുത്തുന്നതിനും മറ്റാരുമുണ്ടാവില്ല.

ആയതിനാൽ, ഒരു ജമാഅത്തിനെ വിലയിരുത്തുന്നത് അതിലെ അംഗങ്ങളുടെ എണ്ണം കൊണ്ടല്ല. അഥവാ അതിനുള്ള കോൺക്രീറ്റ് മജ്ദിന്റെ എണ്ണം കൊണ്ടുമല്ല. അതല്ലെങ്കിൽ മറ്റേതെങ്കിലും ഭൗതിക നേട്ടം കൊണ്ടുമല്ല. അല്ലാഹുവിന്റെ ജമാഅത്തിനെ വിലയിരുത്തുന്നത് ഈമാൻ കൊണ്ടാണ്.

അല്ലാഹുവിലും അവന്റെ ദുതനിലുമുള്ള വിശ്വാസം കൊണ്ടാണ് അത് വിലയിരുത്തപ്പെടുന്ന്ത്. പൊയ്ദൈവങ്ങളുമായി ഇതിന് യാതൊരു ബന്ധവുമില്ല. ഇത് രക്ഷകന്റെ സംതൃപ്തി മാത്രമാണ് ലക്ഷ്യമാക്കുന്നത്. സൃഷടാവിന്റെ സംതൃപ്തിയിലാണ് അത് കണ്ടെത്തുക. പള്ളികൾ ഇരുമ്പ് ഷീറ്റുകൾ കൊണ്ടോ, കഴിഞ്ഞകാലങ്ങളിലെ പോലെ, ഹസ്രത് മുഹമ്മദ് (സ) ടെ കാലത്തെ പോലെ, വൈക്കോലിലോ നിർമ്മിക്കാവുന്നതാണ്. എന്നാൽ അപ്പോൾ ഈമാൻ കോൺക്രീറ്റു പോലെ ഉറ

പ്പുള്ളതായിരുന്നു. വളരെ വലിയ കോൺക്രീറ്റു പള്ളികൾ കൊണ്ട് എന്താണ് പ്രയോജനം ? ഖുർ ആന്റ് വചനങ്ങൾ കൊണ്ട് അലംകൃതമാക്കിയിരിക്കുന്നു. ഈമാനോ വൈക്കോല് പോലെ ഉണങ്ങി വരണ്ടിരിക്കുന്നു. ഇത്തരം പള്ളികൾ ഉണങ്ങിയ ഇലകൾ കൊഴിയുന്നതുപോലെ നിലം പതിക്കുന്നതാണ്. ഉണങ്ങിയ ശിഖരങ്ങൾ പോലെ ഒടിഞ്ഞു വീഴുന്നതാണ്. ഇത്തരം പള്ളികൾ കൊണ്ട് എന്തു പ്രയോജനമാണുള്ളത് ? അത്തരം പള്ളികളൊക്കെ ജനശൂന്യമായ പള്ളികളാണ് / ആരാധകരില്ലാത്ത പള്ളികളാണ്. അവരിൽ ഭൂരിഭാഗവും ഇഹലോക നേട്ടങ്ങൾക്കായി ഓടി നടക്കുന്നവരാണ്. പള്ളികൾ അലങ്കരിക്കുവാൻ ഖുർആനിക സൂക്തങ്ങൾ ഉപയോഗിക്കേണ്ട ആവശ്യമില്ല. പ്രധാനപ്പെട്ട കാര്യമെന്തെന്നാൽ, വിശുദ്ധ ഖുർആൻ, നിങ്ങളുടെ ഹൃദയങ്ങളിലാണ് പ്രവേശിക്കേണ്ടത്. അതേ സമയം അവ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതുമാണ്. അതുപോലെ തന്നെ അല്ലാഹു(ത) നമ്മെ പഠിപ്പിച്ച പ്രാർത്ഥനകളും

ഒരു ജമാഅത്തിനെ വിലയിരുത്തപ്പെടുന്നത് അതിന്റെ ആത്മീയ പുരോഗതിയുടെ അടിസ്ഥാനത്തിലായിരിക്കണം. അത്തരം പുരോഗതി നേടേണ്ടതു ജനങ്ങളുടെ ഹൃദയങ്ങളിൽ ശത്രുത ഇട്ടു കൊണ്ടാകരുത്. തങ്ങൾ മറ്റുള്ളവരേക്കാൾ വലിയവനാണ് എന്നു പറഞ്ഞുകൊണ്ടുമാകരുത്.

ഹസ്രത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ മുൻമ്പിൽ സമർപ്പിച്ച ഏതാനും ദുആകൾ നിങ്ങളുടെ മുൻപാകെ വെയ്ക്കുകയാണ്. കൂട്ടത്തിൽ 2003 ലും 2004 ലും എനിക്കും ലഭിച്ച ദുആകളും അതൊടൊപ്പം ചേർക്കുന്നു.

എന്റെ രക്ഷിതാവേ ! അവൾക്ക് എല്ലാവിധ പ്രതിഫലങ്ങളും നല്കിയാലും ഈ ദുആയിൽ അവൾ എന്ന് പരാമർശിച്ചിരിക്കുന്നത് ദുആ ചെയ്ത വ്യക്തിയുടെ ഭാര്യയെയാണ്.

എന്റെ രക്ഷിതാവേ ! എന്റെ ഭാര്യയ്ക്ക് ആരോഗ്യം നല്കിയാലും, അവൾക്ക് ഭൂമിയിലും അതുപോലെ ആകാശങ്ങളിലും നീ അനുഗ്രഹങ്ങൾ ചൊരിഞ്ഞാലും

എന്റെ അല്ലാഹു ! എന്റെ ജീവിത സമയവും എന്റെ ഭാര്യയുടെ ജീവിത സമയവും നീ വർദ്ധിപ്പേക്കേണമെ !

എന്റെ രക്ഷിതാവേ ! എന്റെയും എന്റെ ആ ഭാര്യയുടെയും ജീവിതം വൃഥാവിലാക്കരുതെ ! എല്ലാവിധ ക്ലേശങ്ങളിൽ നിന്നും നീ ഞങ്ങളെ മുക്തമാക്കേണമെ ! എന്റെ വഴിയിൽ വരാവുന്ന എല്ലാ പ്രശ്നങ്ങളിൽ നിന്നും എനിക്ക് നീ അഭയം നല്കേണമെ !

ആയതിനാൽ നോക്ക് ! ഈ ദുആകൾ ഒരു ഭർത്താവിന് തന്റെ ഭാര്യയ്ക്കു വേണ്ടി ദിവസവും ചെയ്യാവുന്നതാണ്. ഇത് വീട്ടിൽ സമാധാനവും സൗഹൃദവും

സൃഷ്ടിക്കുന്നതാണ്.

നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ദുആ ചെയ്യുക. ദുആ കൾ നിങ്ങുടെ ഹൃദയങ്ങളിൽ നിന്നും പുറത്തു വരേണ്ടതാണ്. അതൊരിക്കലും ചുണ്ടുകളിൽ നിന്നുമാകരുത്. അപ്പോൾ നിങ്ങളുടെ മനസ്സ് അല്ലാഹു അല്ലാത്ത തിൽ വ്യാപിച്ചു കൊണ്ടിരിക്കും. ഒരാളിന്റെ ദുആ യിൽ അല്ലാഹു (ത) സംപ്രീതനാ യാൽ, അവൻ അത് സ്വീകരിക്കുന്നു. ഒരാളിന്റെ ദുആ അല്ലാഹു സ്വീകരിച്ചാൽ അപ്പോൾ അത് ഒരു ദിവ്യാത്ഭുതമായിരിക്കും. ചിലപ്പോൾ ചിലർ ദൗർഭാഗ്യത്തിൽ അകപ്പെടാം, അപ്പോൾ അവന്റെ ഹൃദയം നിറയെ വേദനയായിരിക്കും. പ്രസ്തുത ബുദ്ധിമുട്ടിന്റെ അവസ്ഥയിൽ അവൻ അവന്റെ രക്ഷിതാവിനെ വിളിക്കുന്നു. അപ്പോൾ അവന്റെ രക്ഷിതാവ് അവന്റെ വിളി കേൾക്കുന്നു. അപ്പോൾ ആ സമയം അവന്റെ കൈകൾ അല്ലാഹുവിന്റെ കൈകളായി മാറുന്നു. അല്ലാഹു (ത) മറഞ്ഞിരിക്കുന്ന നിധി പോലെയാണ്.

അവൻ അവന്റെ മുഖാരവിന്ദം, അവൻ സ്നേഹിക്കുന്നവരിലൂടെയും, അവൻ ഇഷ്ടപ്പെടുന്നവരീലൂടെയും പ്രകടമാക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവനെ സ്നേഹിക്കുന്നവരിലൂടെയും, വ്രതാനുഷ്ഠാനക്കാരിലൂടെയും പ്രത്യേകമായി പ്രക ടിപ്പിക്കുന്നു. അവരുടെ ദൗർഭാഗ്യങ്ങൾ ഒരുവന് കൈകാര്യം ചെയ്യാവുന്ന പരിധി വിട്ടുകഴിഞ്ഞാൽ, നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹു വളരെ സമീപത്താ കുന്നു. വളരെ പെട്ടന്ന് അവന്റെ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കുവാൻ അവൻ എപ്പോഴും തയ്യാറായിരിക്കുന്നതാണ്. അല്ലാഹുവിന് വേണ്ടി കൂടുതൽ ത്യാഗം അനുഷ്ഠിക്കു ന്നവരെ, അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്നു. ഒരുവന്റെ മക്കളെ സ്നേഹിക്കുന്ന തിനും ഉപരിയായി. അവന് അനുകൂലമായി അസാധാരണമായ നിലയിൽ അല്ലാഹു (ത) ദൃഷ്ടാന്തം കാണിക്കുന്നതാണ്. ഉണർത്തിയ സിംഹത്തെ പോലെ ഊർജ്ജം അവൻ പ്രകടമാക്കുന്നു.

അല്ലാഹു (ത) മറഞ്ഞിരിക്കുന്നവനാണ്. ഇത്തം ആളുകളാണ് അവനെ സ്വയം പ്രകടമാക്കുന്നത്.അവൻ ആയിരക്കണക്കിന് മറകൾക്കപ്പുറത്താണ്. ഇത്തരം ആൾക്കാർ അവനെ ദൃശ്യത്തിൽ കൊണ്ടു വരുന്നു.

ലോകമെങ്ങുമുള്ള എന്റെ അനുചരന്മാരെ, നിങ്ങൾ ഇത്തരം ആളുകളായി തീരുക. അവരിലൂടെ അല്ലാഹു (ത) സ്വയം പ്രകടമാകുന്നതാണ്. അവൻ അവരോ ടൊപ്പം ഉണ്ടായിരിക്കുന്നതാണ്. അവർ എവിടെ ആയിരുന്നാലും ശരി ! നിങ്ങൾ അത്തരം ആളുകളായി തീരുക. അല്ലാഹു (ത) അസാധാരണമായ ദൃഷ്ടാന്തങ്ങൾ അവർക്കനുകൂലമായി കാണിക്കുന്നതാണ്. അവർ അവന്റെ അടയാളങ്ങൾ നിങ്ങൾക്കായി സ്വയം പ്രകടമാക്കുന്നതാണ്. വളരെ വേഗത്തിൽ ഇൻശാ അല്ലാഹ് !

ഞാൻ നിങ്ങൾക്ക് ഒരു ഉദാഹരണം തരുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇൻഡ്യയിലെ, തമിഴ്നാട്ടിൽ നമ്മുടെ പ്രിയ സഹോദരീ സഹോദരന്മാർ ഈ വിനീത സേവകന്റെ സത്യത ഈയിടെ അംഗീകരിക്കുകയുണ്ടായി. ഈ നൂറ്റാണ്ടിലെ ദൈവ ദൂതൻ എന്ന നിലയിൽ അവൻ ബൈഅത്തു ചെയ്യുകയുണ്ടായി. ഈ സഹോദരന്മാരിൽ എന്റെ പ്രിയ അനുചരൻ സലീം സാഹിബ്, വളരെ മനോഹരമായ ഒരു സ്വപ്നം കാണുകയുണ്ടായി. അതിൽ അല്ലാഹു (ത) എന്നെ പ്രവാചകനെന്ന നിലയിൽ അദ്ദേഹത്തിന് വ്യക്തമായി കാണിക്കുകയുണ്ടായി. തഹജ്ജുദ് നമസ്ക്കാരങ്ങളും വളരെയധികം പ്രാർത്ഥനകളും നടത്തിയ ശേഷമാണ് അദ്ദേഹത്തിന് ഈ സ്വപ്നം കാണുവാൻ ഇടയായത്. അൽഹംദുലില്ലാഹ് ! അല്ലാഹുവിന്റെ സത്യവാനായ ഒരു ദാസൻ ഇങ്ങനെ തന്നെയാണ് ചെയ്യേണ്ടത്. ഒരുവന്റെ ജീവിതത്തിന്റെ എല്ലാ ദിശകളിലും അല്ലാഹുവിന്റെ ഒരു യഥാർത്ഥ ദാസൻ എപ്പോഴും അല്ലാഹുവിലേക്കാണ് തിരിയേണ്ടത്. സന്തോഷ വേളകളിലാണെങ്കിലും സന്താപ വേളകളിലായാലും ശരി അല്ലെങ്കിൽ ജീവിതത്തിന്റെ മറ്റേതൊരു സാഹചര്യത്തിലാണെങ്കിലും ശരി ! തീർച്ചയായും അല്ലാഹു (ത) ഒരിക്കലും ഒരു ശുദ്ധ ഹൃദയത്തെ തിരസ്ക്കരിക്കുകയില്ല. എന്റെ അനുചരൻ സലീം സാഹിബ് എഴുതുന്നു.

എന്നാൽ എന്റെ മനസ്സ് അസ്വസ്തമായിരുന്നു. ഞാൻ ദിവസവും തഹജ്ജുദ് നമസ്ക്കാരത്തിൽ കരഞ്ഞു കൊണ്ടിരുന്നു. നിസാമെ ജമാഅത്തിനെയും ഖലീഫത്തുൽ മസീഹ് ഖാമിസിനെയും തിരസ്ക്കരിക്കുന്ന കാര്യം എനിക്കു ദഹിക്കുന്ന കാര്യമായിരുന്നില്ല.

ഹുസൂർ ഞാൻ താങ്കളുടെ അധ്യാപനങ്ങൾ ഇന്റർനെറ്റ് വഴി കുറെശ്ശെയായി പഠിക്കുകയുണ്ടായി. ദൈവീക ദൃഷ്ടാന്തത്തെകുറിച്ച് ഞാൻ എന്റെ സഹോദരന്റെ കെ.നസീർ ഷാബുമായി, എന്റെ ഭാര്യയുമായും ചർച്ച ചെയ്യുകയുണ്ടായി. അപ്പോൾ അദ്ദേഹം ഇത്തരം വാദമുന്നയിക്കുന്ന മറ്റു ചിലരുടെയും ഒരു ലിസ്റ്റ് എനിക്ക് തരുകയുണ്ടായി പ്രാരംഭത്തിൽ അവർ ഇതിനെ എതിർക്കുകയുണ്ടായി.എന്നാൽ കുറെ ദിവസങ്ങൾക്കു ശേഷം താങ്കളുടെ വാദത്തിന്റെ സത്യത കണ്ടെത്തുകയുണ്ടായി. അവരിൽ ചിലർ സ്വപ്നങ്ങൾ കാണുകയുണ്ടായി. (കെ. നസീർഷാബ് ഉം ജനാബ മുബീനായും ) സഫറുല്ല. ഡുമൂൺ സാഹിബും താങ്കളുമായുള്ള പ്രശ്നം അപ്പോഴും എന്നിൽ സംശയം ജനിപ്പിച്ചുകൊണ്ടിരുന്നു. ഈ കാര്യങ്ങൾ ഇങ്ങനെ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിടയിൽ ഞാനൊരു സ്വപ്നം കണ്ടു താങ്കൾ എന്റെ ആഫീസിലേക്ക് കടന്നു വരുന്നു. അതും കൺട്രോളിംഗ് ആഫീസർ എന്ന നിലയിൽ ഞാൻ വളരെ അഭിമാനത്തോടെ നോക്കികാണുകയുണ്ടായി. എന്റെ സഹപ്രവർത്തകർ

എന്നോടാവശ്യപ്പെടുകയുണ്ടായി. താങ്കളെകുറിച്ചുള്ള വിവരങ്ങൾ പറയുവാൻ ! ഞാൻ പറഞ്ഞു. അദ്ദേഹം ദൈവത്തിന്റെ പ്രവാചകനാകുന്നു. വീണ്ടും അവർ ചോദിക്കുന്നു. ഞാൻ പറഞ്ഞു അദ്ദേഹം മുഴുലോകത്തിന്റെയും പ്രവാചകനാകുന്നു. അതിനുശേഷമാണ് ഈ-മെയിൽ വഴി താങ്കളുമായി ബന്ധപ്പെട്ടത് (ദയവായി ശ്രദ്ധിക്കുക, ഇംഗ്ലീഷ് ഗ്രാമറും, കുത്തും കോമയും ഒക്കെ നല്കി ഈ സുന്ദര സാക്ഷ്യത്തിന്റെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തുവാനായി)

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! അല്ലാഹു (ത) അവൻ ഉദ്ദേശിക്കുന്ന തന്റെ ദാസന്മാരെ നേർവഴിയിൽ നടത്തുന്നത് ഇപ്രകാരമാകുന്നു. അങ്ങനെ അവരുടെ ജീവിതം വിശുദ്ധീകരിക്കപ്പെടുന്നു. അവരുടെ ജീവിതത്തിൽ ഈ അസാധാരണ അനുഗ്രഹം അങ്ങനെ അവർക്ക് ലഭിക്കുന്നു. അങ്ങനെ അതിനെ തുടർന്ന് അവർ ഒരു യഥാർത്ഥ ലൈലത്തുൽ ഖദ്റിൽ ജീവിക്കുന്നു. അൽഹംദുലില്ലാഹ് നമുക്കൊരിക്കലും അല്ലാഹുവിന് നന്ദി രേഖപ്പെടുത്തി തീർക്കാവതല്ല.

അതുകൊണ്ട് നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾ സാധാരണ ആളുകളല്ല. (നിങ്ങൾ മറ്റുള്ളവരെപോലെയല്ല) നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും ആശീർവാദവുമുണ്ട്. നിങ്ങൾ അല്ലാഹുവിന്റെ ഖലീഫയെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ നൂറ്റാണ്ടിലെ അവന്റെ മസീഹിനെ സ്വീകരിച്ചിരിക്കുന്നു. ഈ വെളിപാടിനെ പറ്റി ചിന്തിക്കുക. **അല്ലാഹു നമ്മോടൊപ്പമുണ്ടെങ്കിൽ, നമ്മോടൊപ്പം എല്ലാമുണ്ട്.**

ഇൻശാ അല്ലാഹ് ! നമ്മെ ഓരോരുത്തരെയും അവൻ അനുഗ്രഹിക്കട്ടെ ! ദുആ നിർഭരമായി ഒരു ജീവിതം നയിക്കുവാൻ നമ്മെ അവൻ പ്രാപ്തമാക്കട്ടെ ! നിങ്ങളും നിങ്ങളുടെ ഭാര്യമാരും മക്കളും പ്രസ്തുത ദുആകൾ ചെയ്യുന്നവരായിതീരട്ടെ ! നിങ്ങളുടെ ജീവിതം ആത്മീയതയിലധിഷ്ഠിതമായ നിലയിൽ അല്ലാഹു (ത) മാറ്റി മറിക്കട്ടെ ! നിങ്ങളുടെ ആത്മീയതയെ നിങ്ങൾ ശുദ്ധീകരിക്കുക.

അപ്പോൾ നിങ്ങൾ പ്രകാശിക്കുന്ന വിളക്കുകളായി തീരുന്നതാണ്. നിങ്ങളിലൂടെ, അല്ലാഹു(ത) മറ്റുള്ളവരെ നേർവഴിയിലൂടെ നടത്തുന്നതാണ് ഇസ്ലാമിലേക്ക്, സഹീഹിൽ ഇസ്ലാമിലേക്ക് ഇൻശാ അല്ലാഹ് ! ആമീൻ


Translated by:
R. Jamaludin Raother
Amir Jamaat Ul Sahih Al Islam
South Zone, Kerala,
Ph: 9447001832, 0475-2220223
E-mail: jamal.raother@gmail.com
Web: www.jamaat-ul-sahih-al-islam.com